ളിൽ പറഞ്ഞ ഉദ്യോഗസ്ഥരെ മറ്റേതെങ്കിലും ഓഫീസിലേയ്ക്ക് മാറ്റേണ്ട പ്രത്യേക ആവശ്യം ഉണ്ടായിട്ടുള്ളതായും കാണുന്നില്ല.

തിരുവനന്തപുരം കോർപ്പറേഷൻ ഓഡിറ്റ് ഡി.ഡി.യെ സ്ഥലം മാറ്റിയ ഉത്തരവ്

49 (1872) ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷൻ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ തൽസ്ഥാനത്തുനിന്ന് മാറ്റിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഈ ഉദ്യോഗസ്ഥനെ മാറ്റാൻ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ; മാറ്റുന്നതിനുള്ള കാരണം ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടോ;

(സി) ഓഡിറ്റിന് കണക്കുകൾ നൽകാത്തതിനാൽ നഗരസഭാ സെക്രട്ടറിക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉത്തരവിന്റെ പകർപ്പ് സമർപ്പിക്കുന്നു.+

(ബി) ഭരണപരമായ സൗകര്യത്തിന് വേണ്ടിയാണ് സ്ഥലംമാറ്റം നടത്തിയത്.

(സി) നഗരസഭാ സെക്രട്ടറിക്കെതിരെ തിരുവനന്തപുരം ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ കോടതി 3-ൽ നം.എസ്.ടി. 2570/99 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനെതിരെ നഗരസഭാ സെക്രട്ടറി കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിട്ടുണ്ട്. ഇതുസംബന്ധിച്ച് രേഖാമൂലം വിവരം ലഭിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കാനുള്ള ഓഡിറ്റ് നടപടി

50 (1873) ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് വകുപ്പ് ഓഡിറ്റ് ചെയ്ത വകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും മറ്റ് സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഓഡിറ്റ് ഫീ ഇനത്തിൽ എത്ര കോടി രൂപ ലഭിക്കാനുണ്ട്;

(ബി) ഇതു പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(സി) ഓഡിറ്റ് ഫീ കുടിശ്ശിക അതതു സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാൻ 1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് എന്തെല്ലാം വ്യവസ്ഥകൾ നിലവിലുണ്ട്;

+ അനുബന്ധം - IV

1137/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സമയപരിധി നിശ്ചയിച്ച് തുക ഈടാക്കുമോ?

ഉത്തരം

(എ) വിവിധ സ്ഥാപനങ്ങളിൽനിന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഓഡിറ്റ് ഫീ ഇനത്തിൽ 14,14,29,616/- രൂപ ലഭിക്കുവാനുണ്ട്.

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങൾ, മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ അധികാരികൾക്ക്, ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട്.

(സി) 1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് സെക്ഷൻ 19ലെ 3-ാം ഉപവകുപ്പ് പ്രകാരം ഓഡിറ്റ് ചാർജ്ജ് നൽകേണ്ട തീയതിമുതൽ ഒരു വർഷത്തിനകം അടച്ചില്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളുടെ ഗ്രാന്റ് തുകയിൽ നിന്ന് ആഡിറ്റ് ചാർജ്ജ് സർക്കാരിന് കുറവു ചെയ്യാവുന്നതും അതുപോലെ 4-ാം ഉപവകുപ്പുപ്രകാരം ഓഡിറ്റ് ചാർജ്ജ് യഥാസമയം അടച്ചില്ലെങ്കിൽ 1968ലെ റവന്യൂ റിക്കവറി ആക്ട് പ്രകാരം ഓഡിറ്റ് ചാർജ്ജ് ഈടാക്കാവുന്നതുമാണ്.

(ഡി) സമയപരിധി നിശ്ചയിച്ച് തുകയിൽ ഈടാക്കുന്നതിന് നടപടികൾ എടുക്കുന്നതാണ്.

ത്രിതല പഞ്ചായത്തുകൾക്ക് നൽകിയ തുക

51 (1874) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എം. മുരളി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ ത്രിതല പഞ്ചായത്തുകൾക്ക് ഗവൺമെന്റിൽനിന്നും നൽകിയ തുകയിൽ എത്ര വീതം റവന്യൂ അക്കൗണ്ടിലും എത്രവീതം ക്യാപിറ്റൽ അക്കൗണ്ടിലും ഉൾപ്പെടുത്തി എന്ന് പറയുമോ;

(ബി) സംസ്ഥാന ഗവൺമെന്റ് നിർവ്വഹിക്കുന്ന ചെലവിന്റെ എത്ര ശതമാനമാണ് പ്രസ്തുത വർഷങ്ങളിൽ ത്രിതല പഞ്ചായത്തുകൾക്ക് നൽകിയത്;

(സി) ഇതിൽ എത്ര ശതമാനം വീതം ക്യാപിറ്റൽ അക്കൗണ്ടിലും, റവന്യൂ അക്കൗണ്ടിലും ഉൾപ്പെടുമെന്നു പറയുമോ?

ഉത്തരം

(എ) പഞ്ചായത്ത് രാജ്, നഗരപാലിക സ്ഥാപനങ്ങൾക്ക് നൽകിയ തുക ഇപ്രകാരമാണ്.

വർഷം	രൂപ (കോടിയിൽ)
1996-97	589.52
1997-98	1025.00
1998-99	1116.00

എല്ലാ തുകയും റവന്യൂ അക്കൗണ്ടിലാണ് ഉൾപ്പെടുത്തി നൽകിയത്. ഇതിൽ ജീവനക്കാരുടെ ശമ്പളചിലവ് ഉൾപ്പെടുന്നില്ല.

(ബി) സംസ്ഥാനത്തിന്റെ റവന്യൂ ചെലവുമായുള്ള ശതമാനക്കണക്ക് ഇപ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly